**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2203** **06-07-2022 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ താലൂക്കിൽ ആദിവാസി കുടുംബങ്ങൾക്ക് റേഷൻ കാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | നിലമ്പൂർ താലൂക്കിൽ എത്ര ആദിവാസി കുടുംബങ്ങൾക്കാണ് റേഷൻ കാർഡ് അനുവദിച്ചിട്ടുള്ളതെന്ന വിവരം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ; | (എ) | 3526.<br><br>വില്ലേജ് തിരിച്ചുള്ള വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.<br><br>വില്ലേജ് – എണ്ണം<br>കരുളായി – 772<br>വഴിക്കടവ് – 698<br>കേരളാക്കുണ്ട് – 728<br>കരുവാരക്കുണ്ട് – 688<br>കാളികാവ് – 640<br>ആകെ – 3526 |
| (ബി) | നിലമ്പൂർ താലൂക്കിൽ റേഷൻ കാർഡുകളില്ലാത്ത എത്ര ആദിവാസി കുടുംബങ്ങളുണ്ടെന്ന കണക്ക് വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ; ഇവർക്ക് റേഷൻ കാർഡ് അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; ഇതിനായി വനാന്തർഭാഗത്തെ ആദിവാസി കോളനികളിൽ വകുപ്പ് ഉദ്യോഗസ്ഥർ ഫീൽഡ് വിസിറ്റ് നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | ആദിവാസി കുടുംബത്തിന് റേഷൻ കാർഡ് അനുവദിക്കുന്നതിനായി Integrated Tribal Development Programme മുഖേന ലഭ്യമായ എല്ലാ അപേക്ഷകളും തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. വനാന്തർഭാഗത്തെ ആദിവാസി ഊരുകളിൽ നേരിട്ട് ചെന്ന് അന്വേഷണം നടത്തുന്നതിന് പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർക്ക് അനുമതി ഇല്ല. എന്നിരുന്നാലും ഉന്നത ഉദ്യോഗസ്ഥർ ഈ ഊരുകളിൽ സന്ദർശനം നടത്തുമ്പോൾ താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർ എന്നിവർ ഇവരെ അനുഗമിക്കുകയും ആധാർ കാർഡ് ഇല്ലാത്തവരെ കണ്ടെത്തി ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് റേഷൻകാർഡ് അനുവദിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ആദിവാസി കുടുംബങ്ങൾക്ക് നൽകുന്ന റേഷൻ സാധനങ്ങളുടെ അളവു വിവരം അറിയിക്കാമോ; ഇതിനായി റേഷൻ കാർഡിലെ കുടുംബാംഗങ്ങളുടെ എണ്ണം പരിഗണിക്കാറുണ്ടോ; വ്യക്തമാക്കാമോ; | (സി) | എ.എ.വൈ കാർഡുകളാണ് ആദിവാസി കുടുംബങ്ങൾക്ക് അനുവദിക്കുന്നത്. ഒരു എ.എ.വൈ കാർഡിന് 30 കി.ഗ്രാം അരി, 4 കി.ഗ്രാം ഗോതമ്പ്, 1 കി.ഗ്രാം ആട്ട പാക്കറ്റ്, 1 കി.ഗ്രാം പഞ്ചസാര |

| | | | |
|---|---|---|---|
| | | | എന്നിങ്ങനെയാണ് റേഷൻ വിഹിതം അനുവദിക്കുന്നത്. |
| (ഡി) | ആദിവാസി ഊരുകളിൽ ഒരേ റേഷൻ കാർഡിൽ ഒന്നിലധികം കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുള്ളതിനാൽ ഇവർക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ലഭിക്കാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013, സംസ്ഥാന ഭക്ഷ്യ ഭദ്രതാ ചട്ടം, 2018 എന്നിവ പ്രകാരം ഒരു റേഷൻ കാർഡിൽ ഒന്നിലധികം കുടുംബങ്ങളെ ഉൾപ്പെടുത്താൻ സാധിക്കില്ല. ആദിവാസി ഊരുകളിൽ 'സഞ്ചരിക്കുന്ന റേഷൻ കട' പദ്ധതി മുഖേന അർഹമായ ഭക്ഷ്യധാന്യങ്ങൾ എത്തിച്ച് വിതരണം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ